
പൗർണ്ണമി
2020
ഡിജിറ്റൽ മാഗസിൻ

# ഉള്ളടക്കം

ആശംസ
എഡിറ്റോറിയൽ
അച്ഛൻ
അമ്മ മൊഴി
നഷ്ട ബാല്യം
ചിത്രം
തമോദ്വാരം
അമ്മ
ചിത്രം
സ്വാമി വിവേകാനന്ദനും മംഗൾ സിംഗും
നഷ്ട സ്വപ്നം
ഏകത്വം
സംസ്ഥാന ചോദ്യോത്തരങ്ങൾ
IT Quiz
തോക്കു കായ്ക്കുന്ന മരം
പ്രാചീനകൃതികൾ-രചയിതാക്കൾ
ചിത്രം
വൈക്കം മുഹമ്മദ് ബഷീർ
ചിത്രം
കവിതയോട്
ചിത്രം
മരണമില്ലാത്ത പഠനം
The Rain
ചിത്രം
അഗ്നിപൂജ
ഉദ്ധരണി

# ആശംസ



എസ്.വി.
എച്ച്.എസ്
.എസ്
പാണ്ടനാട്
2019 -20
അദ്ധ്യയനവർഷത്തിലെ ലിറ്റിൽ കൈറ്റ്സ്
കുട്ടികൾ

തയ്യാറാക്കിയ പൗർണമി 2020 എന്ന
മാഗസിന്

എന്റെ എല്ലാവിധ ആശംസകളും നേരുന്നു.

ഗിരിജ.എസ്
ഹെഡ് മിസ്ട്രസ്

# എഡിറേറാറിയൽ

പ്രിയരേ....

നവഭാവന വിടർത്തിയ നറുമുത്തുകളാണ് ഈ ഡിജിറ്റൽ ബുക്കിലെ ഓരോ രചനകളും.

കുഞ്ഞു കുഞ്ഞു കഥയും കവിതയും ലേഖനങ്ങളുമായി അവ മുന്നിൽ നിറയുമ്പോൾ അവ ഓരോന്നിലും പാകമാകാത്തതിന്റേതായ അടയാളങ്ങൾ കണ്ടേക്കാം.... പക്ഷേ,സദയം ക്ഷമിക്കുക.ഇത് ഒരു കൂട്ടം കുരുന്നുകളുടെ നവസംരംഭമാണ്.!എല്ലാ അനുഗ്രഹാശീർവാദങ്ങളും പ്രതീക്ഷിച്ചുകൊണ്ട് നിർത്തട്ടെ......

സ്നേഹപൂർവം......
ഗോവിന്ദ് ആർ
എഡിററർ



# അച്ഛൻ



അച്ഛൻ ചുമന്ന ചുമടുകളത്രയും
സ്വപ്നങ്ങളായിരുന്നു...
സ്വപ്നങ്ങളത്രയും
മക്കളുടെതായിരുന്നു...
ഭാരംകൂടി വേച്ചിട്ടോ
വിശ്രമമില്ലാതെ കിതച്ചിട്ടോ,
രാത്രി വൈകീട്ടുമച്ഛൻ
ചുമച്ചിരുന്നു...
മക്കൾക്കായ് മറന്ന
അച്ഛന്റെ ജീവിത സ്വപ്നങ്ങൾ
അമ്മ
അമ്മയുടെ ഹൃദയത്തിൽ
സൂക്ഷിച്ചിരുന്നു...
അന്ത്യവിശ്രമം കൊള്ളുന്ന
ആ സ്വപ്നങ്ങൾക്ക് കൂട്ടായ്
അമ്മ
അമ്മയുടെ സ്വപ്നങ്ങളെയും
പുതച്ചിരുന്നു...



കൃഷ്ണപ്രിയ 9 D

6

# അമ്മ മൊഴി

മറുമൊഴി തേടാതെ
തനിമൊഴി തേടുന്ന
നറുമൊഴിയോതുക

അധരമൊഴിയമൃതെന്നിരിക്കെ
മധുരമാ മൊഴികളടഞ്ഞ്
മൃതമൊഴി കടമെടുത്ത്
ലിഖിതമൊഴിയോതുവതെന്തേ.....?

അമ്മയോടുമച്ഛനോടുമോതാൻ
ഹൃദയഭാഷയുണ്ടെന്നിരിക്കെ
അന്യഭാഷ തേടുവതെന്തിന്.......

അമ്മയാം ഭാഷയെ മറന്നുവെന്നാൽ
അമ്മയെത്തന്നെയും മറന്നുവത്രെ.....



ദേവനന്ദ ഡി ,9D

# 7

## നഷ്ടബാല്യം



ഒരുനാളമ്മതൻ  കൈപിടിച്ചെത്തി ഞാൻ
വിദ്യാലയത്തിൻ പടിക്കൽ
കണ്ണീർ വാർത്തു  ഞാൻ മുറുകെ പിടിച്ചു
കരുതലിൻ രണ്ടു കരങ്ങൾ

പതുക്കെ പതുക്കെ സൗഹൃദത്തോണി
കളിച്ചും ചിരിച്ചും തുഴഞ്ഞു ഞങ്ങൾ
പള്ളിക്കൂട വളപ്പിൽ ഞങ്ങൾ
പൂമ്പാറ്റകളായി പാറി നടന്നു
അമ്മയുമച്ഛനും മധുരമാം മുത്തം

കൊടുത്തുകൊണ്ടോടിയ ബാല്യകാലം
കളിവള്ളമുണ്ടാക്കി ചേറിൽകളിച്ച്
മഴനനഞ്ഞെത്തീടും മധുരകാലം
മഞ്ചാടിച്ചെപ്പുകൾ തുറന്നൊന്നു നോക്കുമ്പോൾ
എൻെറ മനസ്സെങ്ങോ പോയ്മറഞ്ഞു

ഇനിയുമീ നാളുകൾ തിരികെയില്ലല്ലോ


ഇനിയുമീ വസന്തം എന്നരികിൽ വരില്ലല്ലോ

കൗമാരത്തിൻ വക്കിലെത്തിനിൽക്കുന്ന ഞാനി-

പ്പോൾ ഓർമ്മകൾ മാത്രം ബാക്കിയാക്കി.

ശ്രീപ്രഭ.ജി, 9 B





# 10

## തമോദ്വാരം



ഉയർന്ന ഗുരുത്വാകർഷണം മൂലം പ്രകാശത്തിനുപോലും പുറത്തുകടക്കാനാകാത്ത മേഖലയാണ് തമോദ്വാരം അല്ലെങ്കിൽ തമോഗർത്തം (Black hole).തമോദ്വാരത്തിന്റെ സീമയായ സംഭവചക്രവാളത്തിനകത്തേക്ക് വസ്തുക്കൾക്ക് പ്രവേശിക്കാമെന്നല്ലാതെ പ്രകാശം ഉൾപ്പടെ യാതൊന്നിനും ഗുരുത്വാകർഷണം മറികടന്ന് ഈ പരിധിക്ക് പുറത്തുകടക്കാനാകില്ല.പ്രകാശം പ്രതിഫലിപ്പിക്കുകയോ പുറത്തുവിടുകയോ ചെയ്യാത്തതിനാൽ തമോദ്വാരം അവ ഹോക്കിങ് വികിരണം പുറപ്പെടുവിക്കുന്നുവെന്നും ക്വാണ്ഡം പഠനങ്ങൾ കാണിക്കുന്നു.

തമോദ്വാരം അദൃശ്യമാണെങ്കിലും,ചുറ്റുമുള്ള വസ്തുക്കളിൽ അതുളവാക്കുന്ന മാറ്റങ്ങളിലൂടെ അതിന്റെ സാന്നിധ്യം മനസിലാക്കാനാകും. ഒരുകൂട്ടം നക്ഷത്രങ്ങൾ പ്രപഞ്ചത്തിൽ ശൂന്യമായ സ്ഥലത്തെ പരിക്രമണം ചെയ്യുന്നതായി കാണാനായാൽ അവിടെ ഒരു തമോദ്വാരമുണ്ടെന്ന്



# 11

ഊഹിക്കാം.തമോദ്വാരത്തിന് ഇരട്ടനക്ഷത്രമുണ്ടെങ്കിൽ അതിൽ നിന്നും തമോദ്വാരത്തിലേക്ക് വാതകങ്ങൾ  വീഴുകയും ഉയർന്ന താപനിലയിലേക്ക് മാറ്റപ്പെടുന്ന ഇവ എക്സ്-റേ വികിരണം പുറപ്പെടുവിക്കുകയും ചെയ്യുന്നു. ഭൂമിയലുള്ളതും ഭൂമിയെ ചുറ്റിക്കൊണ്ടിരിക്കുന്നതുമായ ദൂരദർശിനികൾ വഴി ഈ വികിരണം

കണ്ടെത്താനാകും.ഇത്തരം നിരീക്ഷണങ്ങളിലൂടെ പ്രപഞ്ചത്തിൽ തമോദ്വാരങ്ങളുടെ അസ്തിത്വം ഉറപ്പാക്കാനായിട്ടുണ്ട്.

ഗോവിന്ദ് ആർ,9D



12

# അമ്മ

ഞാൻ ഉണരുന്ന മാത്രയിൽ

അരികിലായി എത്തിടുമെന്നമ്മ

ആ കരസ്പർശത്താൽ ഞാൻ

നിറുപുഞ്ചിരിയേകി അമ്മതൻ

അരികിലായി ചേർന്നു

നിൽക്കും.



മൂർദ്ധാവിൽ

ഏറ്റുവാങ്ങി

ചുടുചുംബനം എന്നിൽ

ഒരു കോടി

പുണ്യം വാരിവിതറും

വാത്സല്യനിധിയാം അമ്മതൻ

*ചാരത്തണയും മാത്രയിൽ*

*ഏതോ നിർവികാരതയിൽ ഞാൻ ലയിച്ച*

*പുണ്യയായിത്തീരുന്നു ഈ*

*ജന്മ സാഫല്യം എനിക്കേകിൽ*

*പുണ്യാത്മാവേ നിനക്കു പ്രണാമം .*

**ജെഫിൻ എം സജി,9D**






നമിത പ്രകാശ്,9B

# 15
# സ്വാമി വിവേകാനന്ദനും മംഗൾ സിംഗും

'സ്വാമി വിവേകാനന്ദനോട് ഒരിക്കൽ ആൾവാറിലെ മംഗൾ സിംഗ് രാജകുമാരൻ ചോദിച്ച "സ്വാമീ...



.തടി,മണ്ണ്,കല്ല് തുടങ്ങിയ വസ്തുക്കൾ ഉപയോഗിച്ച നാം വിഗ്രഹങ്ങൾ

തീർക്കുന്നു.അവയിൽ ദൈവത്തിൻെറ അംശം കുടി കൊള്ളുന്നു എന്ന വിശ്വാസം തന്നെ

അബദ്ധമല്ലെ?''വിവേകാനന്ദൻ അപ്പോൾ ചുവരിലിരുന്ന മഹാരാജാവിൻെറ ഈ ചിത്രമെടുത്ത് അടുത്തിരുന്ന ദിവാൻജിയോടു

പറഞ്ഞു;''രാജാവിൻെറ ഈ

ചിത്രത്തിൽ തുപ്പാൻ നിങ്ങൾക്കു കഴിയുമോ?''

ഇതു കേട്ട് സകലരും പരിഭ്രമിച്ചു.ദിവാൻജി

ചോദിച്ചു.''അങ്ങെന്താണ് പറയുന്നത്?ഇത് നമ്മുടെ

മഹാരാജാവിൻെറ ചിത്രമല്ലേ?'' ''അതെ". സ്വാമി

പറഞ്ഞു.''അതിൽ മഹാരാജാവിൻെറ പ്രതിച്ഛായ നിങ്ങൾ

കാണുന്നു.ഈ ചിത്രം ഒരർഥത്തിൽ രാജാവാണ്.രാജാവിനോടുള്ള

ആദരവ് അദേഹത്തിൻെറ ചിത്രത്തോട്ടും നാം പ്രകടിപ്പിക്കുന്നു.നാം കല്ലിനെയോ ലോഹത്തെയോ മരത്തെയോ ആരാധിക്കുന്നത് അവയിൽ കേന്ദ്രീകരിക്കപ്പെട്ട ഈശ്വരാംശത്തെ സങ്കല്പിച്ചാണ്.അല്ലാതെ അവയുടെ കേവലഘടനയെ പരിഗണച്ചല്ല്”.രാജാവിൻെറ സംശയമകറ്റാൻ പര്യാപ്തമായിരുന്നു വിവേകാനന്ദൻെറ മറുപടി.



ആദിത്യൻ എസ,9D

# 17

# നഷ്ടസ്വപ്നം

എരിയുന്ന തീയുടെ മുന്നിൽ നിന്നവൾ
നനവാർന്ന മിഴികളുമായി
സ്വയം എരിഞ്ഞമരാൻ പോകുന്നു
എന്നറിയുമ്പോഴും ,സ്വയം ആശ്വസിക്കുന്നു
കാറ്റവളെ വിശ്വസിച്ചു
മേഘങ്ങൾ ദുഖത്താൽ വിതുമ്പുന്നു
കത്തിക്കരിഞ്ഞ പുക ഉയർന്നുപറന്നു
സാക്ഷാത്കരിക്കാൻ കഴിയാത്ത ആഗ്രഹം
എവിടെയോ കുന്നുകൂടിയപ്പോഴും
അവൾ അതിൽ ആശ്വസിച്ചു
കാരണം അവൾ ഒരു സ്ത്രീയാണ്.



അക്ഷയ രാജീവ്,

9B

# 18

## ഏകത്വം

സൂക്ഷിനോക്കു നിങ്ങളീ മണ്ണിതിൽ
നാനാതരത്തിൽ നിറങ്ങൾ
പച്ചയും നീലയും മഞ്ഞയും കാവിയും
ചോപ്പും കറുപ്പും വെളുപ്പും
ഈ മണ്ണ് കാണിക്കവെയ്ക്കുന്ന പൂക്കൾക്കു-
മുണ്ടാം നിറങ്ങളെനേകം
ഈ മണ്ണു പെറ്റ മനുഷ്യർക്കുമാവിധം
നാനാതരത്തിൽ  നിറങ്ങൾ
എങ്കിലും പൂവുകൾ പൂവുകൾ;
മണ്ണിതുമണ്ണ്;മനുഷ്യൻ മനുഷ്യൻ
ഏതൊരു  കാത്തുമീയൊരേകത്വം
മറക്കാതിരിക്കണം നമ്മൾ.



മിഥുൻ പി.എം,9C

19

# സംസ്ഥാന ചോദ്യോത്തരങ്ങൾ

- ഇന്ത്യയുടെ ഹൃദയം എന്നറിയപ്പെടുന്ന സംസ്ഥാനം?

  ഉത്തരം:'മദ്ധ്യപ്രദേശ്

- ഇന്ത്യയിലെ ഏറ്റവും വലിയ സംസ്ഥാനം?

  ഉത്തരം:'രാജസ്ഥാൻ

- ഗാന്ധിജി ജനിച്ചത് ഏത് സംസ്ഥാനത്തിലാണ്?

  ഉത്തരം:'ഗുജറാത്ത്

- 'T' ആകൃതിയിലുള്ള ഇന്ത്യൻ സംസ്ഥാനം?

  ഉത്തരം:'ആസം

- ഇന്ത്യയിൽ സാക്ഷരതയിൽ മുന്നിൽ നിൽക്കുന്ന സംസ്ഥാനം?

  ഉത്തരം:'കേരളം

ജിഷ്ണു പി ,9B



# 20

## ഐ.ടി.ക്വിസ്

1. ആമസോൺ അവതരിപ്പിച്ച ടാബ്ലറ്റ് കമ്പ്യൂട്ടർ ?

   ആമസോൺ കിൻഡിൽ ഫയർ

2. ഇൻറർനെറ്റ് ഇന്ത്യയിൽ ആരംഭിച്ച തീയതി ?

   15 ഓഗസ്റ്റ് 1995

3.wipro-യുടെ പൂർണരൂപം ?

   Western india product

4.ഇന്ത്യയിലെ ആദ്യ ഇ-സാക്ഷരതാ ജില്ല ?

   മലപ്പുറം

5. ഇൻറർനെറ്റിൻെറ പഴയ രൂപം ?

   അർപാനെറ്റ്



6.ഇൻറർനെറ്റിൻെറ പിതാവ് ?

   വിൻ്റ സെർഫ്

7. microsoft സ്ഥാപകൻ ?

   ജെഫ് ബെസോസ്

ശ്രീഗംഗ ,9B

21

## തോക്കു കായ്ക്കുന്ന മരം

ലാഹോറിനടുത്തുള്ളയൊരു ഗ്രാമം .

കിഷൻ സിങ്  തന്റെ സുഹൃത്തിനൊപ്പം വീട്ടുമുറ്റത്ത് ഉലാത്തുകയായിരുന്നു. കിഷൻ സിങിന്റെ മകൻ കുറച്ച് അപ്പുറത്ത് കളിക്കുന്നുണ്ട്. അല്പം കഴിഞ്ഞപ്പോഴാണ് അയാളത് ശ്രദ്ധിച്ചത്; മകൻ കളിക്കുകയല്ല എന്തോ കുഴിച്ചിടുകയാണ് . കിഷൻ സിങ് അവന്റെ അടുത്തെത്തി . "മോനെ നീ എന്താ ചെയ്യുന്നത് ? "നമ്മുടെ നാടിനെ

രക്ഷിക്കാനാണ്" "ആ കുട്ടി പറഞ്ഞു ഞേ

നാടിനെ രക്ഷിക്കാനോ ?”

സിങ്ങിനൽഭുതമായി . അതെ അമ്മ

പറഞ്ഞല്ലൊ നമ്മുടെ നാട് വെള്ളക്കാരുടെ

പിടിയിലാണെന്ന് .

ബ്രിട്ടീഷുകാരുടെ പിടിയിലാണെന്ന്
ബ്രിട്ടീഷുകാരുടെ ക്രൂരഭരണത്തെ
പ്പറ്റിയും ഇന്ത്യയുടെ
സ്വാതന്ത്ര്യസമരത്തെപ്പറ്റിയും മറ്റും
കിഷൻസിങ്ങിൻെറ ഭാര്യ മകനു

പറഞ്ഞുകൊടുത്തിരുന്നു .

പക്ഷേ ഈ മരക്കൊമ്പുകൾ നട്ടു മുളപ്പിച്ചാൽ

നാടിനെ എങ്ങനെ രക്ഷിക്കാനാണ് മോനെ ?
കിഷൻെറ

കൂട്ടുകാരൻ ചോദിച്ചു .ആ ബാലനൊരു

മരക്കൊമ്പെടുത്തു കാണിച്ചു . അതിന്

തോക്കിൻെറ ആകൃതിയായിരുന്നു. ഇതു
വളർന്നു വലിയ മരമാകും ഇതിൽ നിറയെ

തോക്കുകളുണ്ടാവും ! അതുകൊണ്ട്

ബ്രിട്ടീഷുകാരെ തോൽപ്പിക്കും. അവൻ

പറഞ്ഞു. കിഷൻെറ ചങ്ങാതി അവനെ

കെട്ടിപ്പിടിച്ചു. മിടുക്കൻ ബ്രിട്ടീഷുകാരെ

തോൽപ്പിക്കാൻ തോക്കുകൾ മാത്രം പോരാ

നിന്നെപ്പോലുള്ള ധീരന്മാർ കൂടി വേണം.

24

ഭഗത് എന്നായിരുന്നു ആ ചുണക്കുട്ടന്റെ പേര്

. അതെ, പിൽക്കാലത്ത് ബ്രിട്ടീഷ്

ഭരണത്തിനെതിരേ ആഞ്ഞടിച്ച ഭഗത്

സിങ് !!!!!!



1. അതുഷ് രാജീവ് 9B

# പ്രാചീനകൃതികൾ -രചയിതാക്കൾ

| | | |
|---|---|---|
| രാജതരംഗിണി | - | കൽഹണൻ |
| അമരകോശം | - | അമരസിംഹൻ |
| രത്നാവലി | - | ഹർഷവർധനൻ |
| മഹാഭാഷ്യം | - | പതഞ്ജലി |
| ബുദ്ധചരിത്രം | - | അശ്വഘോഷൻ |
| നാട്യശാസ്ത്രം | - | ഭരതമുനി |
| അർഥശാസ്ത്രം | - | കൗടില്യൻ |
| കമ്പരാമായണം | - | കമ്പർ |
| ചരകസംഹിത | - | ചരകൻ |
| പഞ്ചതന്ത്രം | - | വിശാഖദത്തൻ |



അക്ഷയ.രാജീവ്,9B



28-01-2002

# വൈക്കം മുഹമ്മദ് ബഷീർ

1908 ജനുവരി 21 ന് വൈക്കം ജില്ലയിലെ തലയോലപ്പറമ്പിൽ ജനിച്ചു . പ്രസിദ്ദ നോവലിസ്റ്റും കഥാക്രത്തും സ്വാതന്ത്ര്യസമരപോരാളിയും നിരീക്ഷകനുമാണ്.ഇദ്ദേഹം ബേപ്പൂർ സുൽത്താൻ എന്ന പേരിലും അറിയപ്പെടുന്നു.1930 ൽ ഉപ്പുസത്യാഗ്രഹത്തിൽ പങ്കെടുത്തതിൻ്റെ പേരിൽ ജയിലിലായി.പ്രധാനകൃതികൾ പ്രേമലേഖനം ,ബാല്യകാലസഖി ,ആനവാരിയും പൊൻകുരിശും ,പാത്തുമ്മയുടെ ആട് ,മതിലുകൾ ,മരണത്തിൻ്റെ നിഴലുകൾ , ആനപ്പൂട,ചിരിക്കുന്ന മരപ്പാവ, ന്റുപ്പുപ്പ, നോട്ട്......പത്മശ്രീ കേന്ദ്ര-കേരള സാഹിത്യ അക്കാദമി പുരസ്കാരങ്ങൾ ലളിതാബിക അന്തർജനം അവാർഡ് മുട്ടത്തുവർക്കി അവാർഡ് വള്ളത്തോൾ പുരസ്കാരം തുടങ്ങിയ ബഹുമതികൾ ലഭിച്ചിട്ടുണ്ട് .  അദ്ദേഹം 1994  അന്തരിച്ചു.



സൂര്യ എസ് കെ,9B





30

# കവിതയോട്

എന്തിന താമസിപ്പതംബികേ ,നിന്നുണ്ണിയാ-

മെൻ മുന്നിലണയുവാ?നെങ്ങു നീ മറഞ്ഞിതോ?

എത്രനാളമ്മേ , നിന്നെത്തിരഞ്ഞുംകൊണ്ടീവിധം

ഹത്തടം കരിഞ്ഞു ഞാൻ കേണുകേണലയേണ്ടു?

പൂർവാശയാറ്റു സമ്പാദിച്ചൊരു തങ്ക-
പ്പൂങ്കുമാരനെയങ്ങു പൊൽച്ചാറിൽ മുക്കി മുക്കി
നീരാട്ടി മടിത്തട്ടിൽക്കിടത്തിത്താലോലിക്കും-
നേരത്തു നിന്നെത്തേടിയങ്ങു ഞാൻ നടക്കവേ
ആ മണിമുറ്റത്തു നിൻ സ്മിതത്തുവൊളിയെന്യേ
യാതൊന്നും കണ്ടിടാതെ മടങ്ങീ നിരാശനായ്
പശ്ചിമതടാകത്തിലിറങ്ങി സ്നാനം ചെയ്തു
പൊൽച്ചെമ്പട്ടുടുത്തർക്കദീപവും കൈയിലേന്തി
പ്രാർഥനയ്ക്കായിച്ചെല്ലും സന്ധ്യയാം പെൺകൊടിതൻ
പൂവനത്തിലുമമ്മേ , നിന്നെ ഞാൻ തിരഞ്ഞിതേ.

താവകപ്പൂഞ്ചേലൻ സൗവർണരുചിയല്ലാ-

താവഴിക്കൊന്നും കണ്ടീലാഹന്ത! ദൗർഭാഗ്യമേ   സാധുവാം
കൃഷകന്നു നൽകുവാൻ പ്രകൃത്യംബ।

സാമോദം സംഭരിച്ച് രത്നങ്ങൾ നിറച്ചതാം
ഇരുമ്പുപെട്ടികളും പത്തായങ്ങളുമേറ്റം
നിറച്ചുവച്ചീടിന വിൺതട്ടിൻ മുകളിലും
ഞാനണഞ്ഞെങ്ങും തേടി , -വാർമഴവില്ലാകും നിൻ
മാണിക്യമാലയും പൊൻമിന്നൽക്കൊഞ്ചിയും കണ്ടേൻ.

അൻജിത 9B







# മരണമില്ലാത്ത പഠനം



വധശിക്ഷയ്ക്ക് വിധിക്കപ്പെട്ട് സോക്രറ്റീ
സ് തടവിൽ കഴിയുന്ന കാലം.തടവറയിലെ ഒരാൾ
മനോഹരമായി പാടുന്നത് അദ്ദേഹം കേട്ടു.അയാളുടെ അരികിൽ
ചെന്ന് സോക്രറ്റീസ് പറഞ്ഞു"ചങ്ങാതീ ആ പാട്ടിന്റെ വരികൾ
എനിക്കു പഠിക്കണം.അതു പറഞ്ഞുതരൂ."
ഇതുകേട്ട് അയാൾ  അത്ഭുതത്തോടെ ചോദിച്ചു.സോക്രറ്റീ
സങ്ങയെ വധശിക്ഷയ്ക്കു വിധിച്ചതല്ലേ?എന്നിട്ടും അങ്ങേയ്ക്കു പാട്ടു
പഠിക്കണമെന്നു തോന്നുന്നുവോ?അത്ഭുതം തന്നെ !" അപ്പോൾ
സോക്രറ്റീസ് പറഞ്ഞു "സുഹൃത്തേ,മരിക്കുന്നതിനു മുമ്പ് ഒരു പുതിയ
കാര്യം കൂടി പഠിച്ചാൽ ഞാൻ കൂടുതൽ സംതൃപ്തനായിരിക്കും"



അശ്വതി പി ആർ,9B

34

# THE RAIN

Rain rain rain,
It comes like a train
It touch the trees,
It touch the leaves and,
hobbles into the ground.

Then it goes into the river,
which make the river pure,
and make the fishes cool,
but it leads to great flood,
and forms the tears of man'
rain rain rain,
what a rain,what a rain

Then it goes into the ocean,
and make the ocean light,
then it turns into the vapour,
and again comes as rain,
rain rain rain ,
what a rain, what a rain.

SHARON VARGHEESE SIMON,9D








അക്ഷയ രാജീവ്,9B



പ്രീതി ലീല പ്രസാദ്,9B







ആതിര ആർ പിള്ള ,9D





ഷാരോൺ സൈമൺ വർഗീസ് ,9D






ശാലു വി വി , 9B

അനന്തു എസ് കുമാർ,9B





# 42

# അഗ്നിപൂജ

ആദിരാവിന്റെയനാദിപ്രകൃതിയി-
ലാരംഭമിട്ടോരസംസ്കൃതചിന്തയിൽ
നീറിയുറഞ്ഞുമുടഞ്ഞുമുരുകിയും
ഭൂതപ്രപഞ്ചമൊരുക്കും സനാതന
കാലമതിന്റെ ചെരുമ്പലെരിഞ്ഞൊരു
നാളമുയർന്നു തെളിഞ്ഞതാണഗ്നി നീ
സൂരചക്രത്തിലൊതുങ്ങി വിളങ്ങിയ
വീരരസത്തെപ്പകർന്നു കൊടുക്കയാൽ
തൻ കരൾ കൊത്തി വിഴുങ്ങുവാനെത്തുന്ന
വൻകഴുകന്റെ ചിറകടിയേല്ക്കിലും
ഞെട്ടാതദമ്യമായ് തൽസിരാചക്രത്തി-
ലദ്ഭുതവീര്യമായ് നിന്നതാണഗ്നി നീ

ശ്രീഹരി എസ്,9D



## ഉദ്ധരണി

**‘‘ജീവിതത്തിൽ പറക്കാൻ ശ്രമിക്കുക ”**

**‘’ നിങ്ങൾക്ക് പറക്കാൻ കഴിയുന്നില്ലെങ്കിൽ ”**

**‘’ ജീവിതത്തിൽ ഓടാൻ ശ്രമിക്കുക “**

**‘’ നിങ്ങൾക്ക് ഓടാൻ കഴിയുന്നില്ലെങ്കിൽ ”**

**‘’ ജീവിതത്തിൽ നടക്കാൻ ശ്രമിക്കുക ”**

**‘’ നിങ്ങൾക്ക് നടക്കാൻ കഴിയുന്നില്ലെങ്കിൽ “**

'' ജീവിതത്തിൽ ഇഴയാൻ ശ്രമിക്കുക
''

''ജീവിതത്തിലെ പ്രധാന കാര്യം ചലിച്ചുകൊണ്ടിരിക്കുക എന്നതാണ് ''



നമിത മനോജ് ഉണ്ണിത്താൻ,9D

# നന്ദി